## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. T 1983**

**08/03/018 – ലെ മറുപടിക്ക്**

**ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി**

**ചോദ്യം :**
**ശ്രീമതി ഗീതാ ഗോപി**

**ഉത്തരം :**
**ഡോ. ടി.എം. തോമസ് ഐസക്**
**(ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി)**

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | സർക്കാർ ജീവനക്കാർക്ക് കഴിഞ്ഞ വർഷം ഏർപ്പെടുത്തുമെന്ന് പ്രഖ്യാപിച്ച ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള കാലതാമസം വ്യക്തമാക്കുമോ ; | സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിന് 24.04.2017 – ലെ സ.ഉ. (അച്ചടി) നമ്പർ 54/2017/ധന പ്രകാരം ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രാരംഭ ഘട്ടത്തിലുള്ള ചർച്ചകൾ പഠനം, എന്നിവയ്ക്കു ശേഷം ഹെൽത്ത് ഇൻഷ്വറൻസ് കമ്പനികളിൽ നിന്ന് താല്പര്യപത്രം ക്ഷണിയ്ക്കുകയും ചെയ്തു. തുടർന്ന് ടെൻഡർ ക്ഷണിയ്ക്കുന്നതിന് വേണ്ട പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ടെൻഡർ നടപടികൾ പൂർത്തിയായി കരാർ ഒപ്പിടുന്ന മുറയ്ക്ക് പദ്ധതി നിലവിൽ വരുന്നതാണ്. |
| (ബി) | ഈ പദ്ധതി എന്ന് മുതൽ നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത് ; | |
| (സി) | ഈ പദ്ധതിയുടെ നടത്തിപ്പിനായി ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കാമോ ; | ഇല്ല |
| (ഡി) | എത്ര രൂപയാണ് ഓരോ ജീവനക്കാരിൽ നിന്നും ഈടാക്കുന്നത് എന്നും വ്യക്തമാക്കാമോ ? | ടെൻഡർ നടപടികൾ പൂർത്തിയായി കരാർ ഒപ്പിടുന്ന മുറയ്ക്ക് മാത്രമേ ജീവനക്കാരിൽ നിന്നും ഈടാക്കുന്ന തുക സംബന്ധിച്ച് വ്യക്തത കൈവരികയുള്ളൂ. |

**സെക്ഷൻ ഓഫീസർ**